10885
24/6/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ്- കണ്ണൂർ ആയുർവേദ കോളേജിൽ പുതിയതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആയുഷ്(എ) വകുപ്പ്

G.O.(Ms)No.25/2019/AYUSH തീയതി,തിരുവനന്തപുരം, 21/06/2019

പരാമർശം:- 1 ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 11/05/2018, 19/11/2018 തീയതികളിലെ ജി1/1963/2018 ഡി.എ.എം.ഇ നമ്പർ കത്തുകൾ

## ഉത്തരവ്

1. കണ്ണൂർ ആയുർവേദ കോളേജിൽ പുതിയതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി വിഭാഗങ്ങൾ അടിയന്തരമായി തുടങ്ങുന്നതിനായി 25 വിഭാഗങ്ങളിൽ 38 തസ്തികകൾ അനുവദിക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി വിഭാഗങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന-പട്ടിക 1 പ്രകാരമുള്ള 22 സ്ഥിരം തസ്തികകളും, പട്ടിക 2 പ്രകാരം ദിവസവേതന അടിസ്ഥാനത്തിലുള്ള 15 തസ്തികകളും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടിക -1

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | പ്രൊഫസർ (പ്രസൂതിതന്ത്ര) | 1 | UGC |
| 2 | ജൂനിയർ കൺസൾട്ടന്റ്(ഗൈനക്കോളജി) | 1 | 45800-89000 |
| 3 | പീഡിയാട്രീഷ്യൻ | 1 | 45800-89000 |
| 4 | റേഡിയോളജിസ്റ്റ് | 1 (On call) | 45800-89000 |
| 5 | ആർ.എം.ഒ (അലോപ്പതി) | 1 | 45800-89000 |
| 6 | അനസ്തെറ്റിസ്റ്റ് | 1 (On call) | 45800-89000 |
| 7 | നഴ്സ് (അലോപ്പതി) | 4 | 26500-56700 |
| 8 | നഴ്സ് ഗ്രേഡ് II (ആയുർവേദ) | 3 | 20000-45800 |
| 9 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 | 22200-48000 |
| 10 | ഫാർമസിസ്റ്റ് ഗ്രേഡ് II (അലോപ്പതി) | 1 | 22200-48000 |

| | | | |
|---|---|---|---|
| 11 | ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദ) | 1 | 20000-45800 |
| 12 | തിയേറ്റർ അസിസ്റ്റന്റ് | 2 | 17500-39500 |
| 13 | നഴ്സിംഗ് അസിസ്റ്റന്റ് | 3 | 17000-37500 |
| | ആകെ | 22 | |

പട്ടിക-2

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡ്രൈവർ | 1 |
| 2 | ഇലക്ട്രീഷ്യൻ | 1 |
| 3 | പ്ലംബർ | 1 |
| 4 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 |
| 5 | സ്ട്രെച്ചർ കാരിയർ | 1 |
| 6 | വാച്ചർ | 2 |
| 7 | അറ്റൻഡർ | 1 |
| 8 | റെക്കോഡ് കീപ്പർ | 1 |
| 9 | ധോബി | 2 |
| 10 | കാഷ്വൽ സാനിട്ടേഷൻ വർക്കർ | 2 (കുടുംബശ്രീ മുഖേന) |
| 11 | കാഷ്വൽ സ്വീപ്പർ | 2 (കുടുംബശ്രീ മുഖേന) |
| | ആകെ | 15 |

3. മേൽ ജീവനക്കാരുടെ ശമ്പളയിനത്തിൽ വരുന്ന ചെലവ് '2210-02-101-78' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാവുന്നതാണ്. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഇതുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJAN NAMDEV KHOBRAGADE
PRINCIPAL SECRETARY

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
പ്രിൻസിപ്പാൾ, ആയുർവേദ കോളേജ്, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ & ഇ ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( 05.03.2019 ലെ 870420/Health-B1/132/2018-ഫിൻ പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Note No. #73

File No. AYUSH-A3/200/2018-AYUSH (Computer No. 843953 )



Attachment:cabinet notes and minutes.pdf

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-06-2019

ഫയൽ നം.എ3/200/2018/ആയുഷ്

ഇനം നം: 3113

വിഷയം : ആയുഷ് വകുപ്പ് - കണ്ണൂർ ആയുർവേദ കോളേജിൽ പ്രസൂതിതന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി. വിഭാഗങ്ങൾ തുടങ്ങുന്നതിന് 22 സ്ഥിരം തസ്തികകളും ദിവസവേതനാടിസ്ഥാനത്തിലുള്ള 15 തസ്തികകളും സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Tom Jy

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ആയുഷ് വകുപ്പ്.

Rajan 21.6

Addl Secretary
AYUSH

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 3/200/2018/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | കണ്ണൂർ ആയുർവേദ കോളേജിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി. വിഭാഗങ്ങൾ തുടങ്ങുന്നതിന് 22 സ്ഥിരം തസ്തികകളും ദിവസവേതനാടിസ്ഥാനത്തിലുള്ള 15 തസ്തികകളും സൃഷ്ടിക്കുന്നത്- സംബന്ധിച്ച്. |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06.06.2019 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6.മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഭൂഷൺ വി. |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ. ഖൊബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 15.06.2019 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 18.06.2019 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.06.2019 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 18.06.2019 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കണ്ണൂർ ആയുർവേദ കോളേജിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി വിഭാഗങ്ങൾ തുടങ്ങുന്നതിനായി 22 സ്ഥിരം തസ്തികകളും 15 ദിവസവേതന അടിസ്ഥാനത്തിൽ ഉള്ള തസ്തികകളും സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കണ്ണൂർ ആയുർവേദ കോളേജിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി വിഭാഗങ്ങൾ അടിയന്തിരമായി തുടങ്ങുന്നതിനായി 25 വിഭാഗങ്ങളിൽ 38 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ വിഭാഗങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഭരണ വിഭാഗത്തിലും പുതിയ തസ്തികകൾ അത്യാവശ്യമാണെന്നും ഡയറക്ടർ അറിയിച്ചിരുന്നു.

3. പ്രസ്തുത വിഷയത്തിൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേക്ക് ഫയൽ അയച്ചപ്പോൾ ടി വകുപ്പ് താഴെ പറയുന്ന പ്രകാരം അഭിപ്രായപ്പെട്ടു

"കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് ചുവടെ പറയുന്ന തസ്തികകൾ-പട്ടിക 1ലെ 19 തസ്തികകൾ സ്ഥിരം തസ്തികകളായി അനുവദിക്കുന്നതിനും പട്ടിക 2-ലെ 15 തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും ധനവകുപ്പ് അനുമതി നൽകുന്നു.

| ക്രമ നം | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | പ്രൊഫസർ(പ്രസൂതിതന്ത്ര) | 1 | UGC |
| 2 | ജൂനിയർ കൺസൽട്ടന്റ്(ഗൈനക്കോളജി) | 1 | 45800-89000 |
| 3 | ജൂനിയർ കൺസൽട്ടന്റ്(പീഡിയാട്രിക്സ്) | 1 | 45800-89000 |

| | | | |
|---|---|---|---|
| 4 | ജൂനിയർ കൺസൽട്ടന്റ്(റേഡിയോളജി) | 1(On call) | 45800-89000 |
| 5 | ആർ.എം.ഒ(അലോപ്പതി) | 1 | 45800-89000 |
| 6 | ജൂനിയർ കൺസൽട്ടന്റ്(അനസ്തേഷ്യ) | 1(On call) | 45800-89000 |
| 7 | സ്റ്റാഫ് നഴ്സ്(അലോപ്പതി) | 4 | 26500-56700 |
| 8 | നഴ്സ് ഗ്രേഡ് II(ആയുർവേദ) | 3 | 20000-45800 |
| 9 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 | 22200-48000 |
| 10 | ഫാർമസിസ്റ്റ് ഗ്രേഡ് II(അലോപ്പതി) | 1 | 22200-48000 |
| 11 | ഫാർമസിസ്റ്റ് ഗ്രേഡ് II(ആയുർവേദ) | 1 | 20000-45800 |
| 12 | തിയേറ്റർ അസിസ്റ്റന്റ് | 1 | 17500-39500 |
| 13 | നഴ്സിംഗ് അസിസ്റ്റന്റ് | 3 | 17000-37500 |
| | ആകെ | 22 | |

II

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡ്രൈവർ | 1 |
| 2 | ഇലക്ട്രീഷ്യൻ | 1 |
| 3 | പ്ലംബർ | 1 |
| 4 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 |

| | | |
|---|---|---|
| 5 | സ്ട്രെച്ചർ കാരിയർ | 1 |
| 6 | വാച്ചർ | 2 |
| 7 | അറ്റൻഡർ | 1 |
| 8 | റെക്കോഡ് കീപ്പർ | 1 |
| 9 | ധോബി | 2 |
| 10 | കാഷ്വൽ സാനിട്ടേഷൻ വർക്കർ | 2(കുടുംബശ്രീ മുഖേന) |
| 11 | കാഷ്വൽ സ്വീപ്പർ | 2(കുടുംബശ്രീ മുഖേന) |
| | ആകെ | 15 |

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 'മിഡ് വൈഫ്' എന്ന തസ്തിക നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പ് സഹിതം ഫയൽ ലഭ്യമാക്കേണ്ടതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു. "

4. പുതുതായി ആരംഭിക്കുന്ന ആശുപത്രിയിൽ മിഡ് വൈഫ് തസ്തിക നിലവിലില്ലെന്നും അനുവദിച്ച തസ്തികകളുടെ ശമ്പളം അനുവദിക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് ധനകാര്യവകുപ്പ് പരാമർശിച്ചിട്ടില്ല എന്ന വസ്തുതയും ചൂണ്ടിക്കാട്ടി ഫയൽ വീണ്ടും ധനവകുപ്പിന് അഭിപ്രായത്തിനായി അയച്ചപ്പോൾ ടി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് പട്ടിക 1 പ്രകാരം അനുവദിച്ച സ്ഥിരം തസ്തികകളുടെ എണ്ണം 19 എന്നത് 22 എന്ന് തിരുത്തി വായിക്കേണ്ടതാണെന്നും അനുവദിക്കപ്പെട്ട തിയേറ്റർ അസിസ്റ്റന്റ്, നഴ്സിംഗ് അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം യഥാക്രമം 2, 3 എന്നിങ്ങനെയാണെന്നും അറിയിക്കുന്നതോടൊപ്പം ( പട്ടിക I ചുവടെ

ചേർക്കുന്നു) പുതുതായി ആരംഭിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി കണ്ണൂർ സർക്കാർ ആയുർവേദ കോളേജിന്റെ കീഴിലായതിനാൽ നിലവിൽ സർക്കാർ ആയുർവേദ കോളേജ്, കണ്ണൂരിന് അനുവദിച്ചിട്ടുള്ള '2210-02-101-78' ശീർഷകത്തിൽ നിന്ന് തന്നെ ശമ്പളം അനുവദിക്കാവുന്നതാണെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

| ക്രമ നം. | തസ്തിക | എണ്ണം | ശമ്പള സ്കെയിൽ |
|---|---|---|---|
| 1 | പ്രൊഫസർ (പ്രസൂതിതന്ത്ര) | 1 | UGC |
| 2 | ജൂനിയർ കൺസൾട്ടന്റ്(ഗൈനക്കോളജി) | 1 | 45800-89000 |
| 3 | പീഡിയാട്രീഷ്യൻ | 1 | 45800-89000 |
| 4 | റേഡിയോളജിസ്റ്റ് | 1 (On call) | 45800-89000 |
| 5 | ആർ.എം.ഒ (അലോപ്പതി) | 1 | 45800-89000 |
| 6 | അനസ്തേറ്റിസ്റ്റ് | 1 (On call) | 45800-89000 |
| 7 | നഴ്സ് (അലോപ്പതി) | 4 | 26500-56700 |
| 8 | നഴ്സ് ഗ്രേഡ് II (ആയുർവേദ) | 3 | 20000-45800 |
| 9 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II | 2 | 22200-48000 |
| 10 | ഫാർമസിസ്റ്റ് ഗ്രേഡ് II (അലോപ്പതി) | 1 | 22200-48000 |
| 11 | ഫാർമസിസ്റ്റ് ഗ്രേഡ് II (ആയുർവേദ) | 1 | 20000-45800 |
| 12 | തിയേറ്റർ അസിസ്റ്റന്റ് | 2 | 17500-39500 |
| 13 | നഴ്സിംഗ് അസിസ്റ്റന്റ് | 3 | 17000-37500 |
| | **ആകെ** | **22** | |

5. കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പുതിയ രണ്ട് ഒ.പി വിഭാഗങ്ങൾ ആരംഭിക്കുന്നതിനായി ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം 22 തസ്തികകളും 15 ദിവസവേതന അടിസ്ഥാനത്തിലുള്ള തസ്തികകളും സൃഷ്ടിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ബഹു മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ചപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് വയ്ക്കുവാൻ ബഹു,മുഖ്യമന്ത്രി ഉത്തരവായി

## തീരുമാനിക്കേണ്ട വിഷയം

കണ്ണൂർ സർക്കാർ ആയുർവേദ കോളേജിൽ പ്രസൂതി തന്ത്ര, സ്ത്രീരോഗ & കൗമാരഭൃത്യ എന്നീ ഒ.പി വിഭാഗങ്ങൾ ആരംഭിക്കുന്നതിന്, ധനവകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം 22 സ്ഥിരം തസ്തികകളും 15 ദിവസവേതനാടിസ്ഥാനത്തിൽ ഉള്ള തസ്തികകളും സൃഷ്ടിച്ചും ഈ തസ്തികകളുടെ ശമ്പളം '2210 -02 -101 -78' എന്ന ശീർഷകത്തിൽ നിന്ന് വഹിക്കാൻ അനുമതി നൽകിയും ഉത്തരവാകാമോ?